**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5601** **16-03-2023 - ൽ മറുപടിയ്ക്ക്**

**ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണത്തിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | അനുമതി ലഭിക്കേണ്ടതുണ്ട്. |
| (ബി) | പരിവേഷ് പോർട്ടലിൽ നൽകിയ അപേക്ഷയിൽ കേന്ദ്ര വനം വകുപ്പ് എന്ത് വിശദീകരണം നൽകാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ബാംഗ്ലൂർ റീജിയണൽ ഓഫീസിൽ ലഭിച്ച പരാതിയിലെ ആക്ഷേപങ്ങളുടെ നിജസ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിലുള്ള മറുപടി 28.02.2023 ന് നൽകിയിട്ടുണ്ട്. |
| (സി) | സ്വാഭാവിക വനം നഷ്ടപ്പെടാത്ത സാഹചര്യത്തിൽ നടപടികൾ ലഘൂകരിക്കുന്നതിന് സാധ്യമാണോയെന്ന് അറിയിക്കുമോ; | (സി) | ഫോറസ്റ്റ് ക്ലിയറൻസ് നൽകാനുള്ള അധികാരവും, അനുമതികൾ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനുള്ള വിവേചനാധികാരവും കേന്ദ്ര വനം പരിസ്ഥിതി മന്ത്രലയത്തിനു കീഴിലുള്ള റീജിയണൽ ഓഫീസ്, ബെംഗളൂരുവിൽ നിക്ഷിപ്തമാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ഡി) | ഏറ്റെടുക്കേണ്ട ആകെ ഭൂമിയുടെ വിസ്തീർണം 19.483 ഹെക്ടർ ആണ്. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരമുള്ള 11(1) വിജ്ഞാപനം പദ്ധതിയുടെ കോഴിക്കോട് ജില്ലയിൽ പെടുന്ന ആനക്കാംപൊയിൽ പ്രദേശത്തും, പദ്ധതിയുടെ വയനാട് ജില്ലയിൽ പെടുന്ന മേപ്പാടി പ്രദേശത്തും പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ-വനം വകുപ്പുകളുടെ വിശദമായ മൂല്യനിർണ്ണയം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ